"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് -കേരള മുനിസിപ്പൽ കോമൺ സർവ്വിസ് - കോഴിക്കോട് കോർപ്പറേഷൻ- അച്ചടക്കനടപടി തീർപ്പാക്കിയ ഉത്തരവിനെതിരായി റവന്യൂ ഓഫീസർ ശ്രീ. എ.കെ.ആന്റണി നെൽസൺ സമർപ്പിച്ച പുന.പരിശോധനാഹർജി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്

സ.ഉ.(സാധാ) നം.1775/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 29/09/2020

പരാമർശം:- 1 29.08.2019 തീയതിയിലെ സ.ഉ(സാധാ)1861/2019/തസ്വഭവ- നമ്പർ ഉത്തരവ്.

2 റവന്യൂ ഓഫീസർ ശ്രീ. ആന്റണി നെൽസൺ സമർപ്പിച്ച 23.10.2019 തീയതിയിലെ പുന.പരിശോധനാഹർജി

3 നഗരകാര്യഡയറക്ടറുടെ 03.02.2020 തീയതിയിലെ വി2-14249/19 നമ്പർ കത്ത്

**ഉത്തരവ്**

കോഴിക്കോട് കോർപ്പറേഷനിലും കോർപ്പറേഷന്റെ കീഴിലുള്ള സോണൽ ഓഫീസുകളിലും 10.06.2011-ന് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ മിന്നൽ പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകളുടെ അടിസ്ഥാനത്തിൽ ശ്രീ.ആന്റണി നെൽസൺ ഉൾപ്പടെയുള്ള ടി നഗരസഭയിലെ 29 ജീവനക്കാർക്കെതിരേ അച്ചടക്കനടപടി സ്വീകരിക്കുകയും ആയത് പരാമർശം 1 ഉത്തരവ് പ്രകാരം തീർപ്പാക്കിയിരുന്നു. പ്രസ്തുത ഉത്തരവ് പ്രകാരം ശ്രീ.ആന്റണി നെൽസനെതിരയുള്ള നടപടി ടിയാന്റെ ഒരു വാർഷികഇൻക്രിമെന്റ് സഞ്ചിതഫലപ്രാബല്യമില്ലാതെ തടഞ്ഞുകൊണ്ടാണ് തീർപ്പാക്കിയിരുന്നു. പ്രസ്തുത ഉത്തരവിനെതിരേ പരാമർശം 1 പ്രകാരം ശ്രീ. ആന്റണി നെൽസൺ പുന.പരിശോധനാഹർജി സമർപ്പിച്ചിരുന്നു.

2. കോഴിക്കോട് കോർപ്പറേഷനിൽ ചെറവണ്ണൂർ-നല്ലളം മേഖലാ ഓഫീസിൽ 10/06/11 ന് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ മിന്നൽ പരിശോധനയിൽ ടി ഓഫീസിൽ പേഴ്സണൽ ക്യാഷ് ഡിക്ലറേഷൻ രജിസ്റ്റർ സൂക്ഷിച്ചിരുന്നില്ല.ബിൽഡിംഗ് പെർമിറ്റ്/നമ്പർ നടപടികൾക്ക് കാലതാമസം.ഹെൽത്ത് ഇൻസ്പെക്ടർ, വാർഡ് കൺവീനർക്ക് തുക നൽകുന്നത് സംബന്ധിച്ച രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.,ബിൽഡിംഗ് പെർമിറ്റ് ഇഷ്യൂ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല, ജനന-മരണ വിവാഹ സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിന് കാലതാമസം ഉടങ്ങിയ ക്രമക്കേടുകൾ കണ്ടെത്തിയതിന്റെയടിസ്ഥാനത്തിലാണ് ശ്രീ. ആന്റണി നെൽസണെതിരേ അച്ചടക്കനടപടി സ്വീകരിച്ചിരുന്നത്.

3. ശ്രീ. ആന്റണി നെൽസൺ സമർപ്പിച്ച പുന.പരിശോധനാഹർജി പ്രകാരം ചെറുവണ്ണൂർ നല്ലളം സോണൽ ഓഫീസിൽ സൂപ്രണ്ടായി ചാർജ്ജ് ഏറ്റെടുത്തിരുന്ന കാലത്തോ അതിനു

മുമ്പോ ക്യാഷ് ഡിക്ലറേഷൻ രജിസ്റ്റർ ഓഫീസിൽ നിലവിലുണ്ടായിരുന്നില്ലായെന്നും ബിൽഡിംഗ് പെർമിറ്റുകളും ഇഷ്യൂ രജിസ്റ്ററുകളും എഞ്ചിനീയറിംഗ് വിഭാഗവും, ഹെൽത്ത് വിഭാഗവുമായി ബന്ധപ്പെട്ട് വാർഡ് കൺവീനർമാർക്കുള്ള സാമ്പത്തിക ഇടപാടുകളും രജിസ്റ്ററുകളും സാനിട്ടറി ഇൻസ്പെക്ടറും, ജനന മരണ വിവാഹ സർട്ടിഫിക്കറ്റുകൾ ഹെൽത്ത് ഇൻസ്പെക്ടറുമാണ് കൈകാര്യം ചെയ്തിരുന്നതെന്നും വസ്തു നികുതി, തൊഴിൽ നികുതി, ലേലം ടെണ്ടർ, നോൺ ടാക്സ്, മറ്റ് സാക്ഷ്യപത്രങ്ങൾ എന്നിവയുള്ള ചുമതലകളാണ് സൂപ്രണ്ട് വഹിച്ചിരുന്നതെന്നും ഏൽപ്പിക്കപ്പെട്ട ചുമതലകൾ ഭംഗിയായും സമയബന്ധിതമായും നിർവ്വഹിക്കുന്നതിൽ ടിയാന്റെ ഭാഗത്തു നിന്നും യാതൊരു വീഴ്ചയും ഉണ്ടായിട്ടില്ലെന്നും വിരമിക്കുവാൻ മാസങ്ങൾ മാത്രം 3 മാസങ്ങൾ മാത്രമുള്ള തന്റെ റിവ്യൂ അപേക്ഷ പരിഗണിച്ച് ശിക്ഷയിൽ നിന്ന് ഒഴിവാക്കണമെന്നും ശ്രീ. ആന്റണി നെൽസൺ അപേക്ഷിക്കുന്നു.

4. നഗരകാര്യഡയറക്ടറുടെ ഇക്കാര്യത്തിലുള്ള റിപ്പോർട്ട് പ്രകാരം ശ്രീ. ആന്റണി നെൽസണിന്റെ മറുപടിയും ടിയാൻ 31.01.2020 ന് സർവ്വീസിൽ നിന്നും വിരമിക്കുകയാണെന്നുള്ള വസ്തുതയും പരിഗണിച്ച് ടിയാന്റെ പുന:പരിശോധനാ ഹർജി പരിഗണിക്കാവുന്നതാണെന്ന് നഗരകാര്യഡയറക്ടർ ശുപാർശ ചെയ്യുന്നു.

5. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ. ആന്റണി നെൽസണെതിരായ അച്ചടക്കനടപടി തീർപ്പാക്കിയ 29.08.2019 തീയതിയിലെ ഉത്തരവ് പരിശോധിച്ചതിൽ ടിയാന്റെ ഒരു വാർഷികഇൻക്രിമെന്റ് സഞ്ചിതഫലപ്രാബല്യമില്ലാതെ ആറുമാസത്തേക്ക് തടയുകയും, റിട്ടയർ ചെയ്യുവർക്കെതിരെയുള്ള അച്ചടക്കനടപടി അവസാനിപ്പിക്കുകയും,മറ്റുള്ളവർക്ക് സെൻഷർ, താക്കീത് എന്നീ ശിക്ഷകളുമാണ് നൽകിയിട്ടുള്ളതെന്നും കാണുന്നു. മേൽ സാഹചര്യത്തിൽ ടിയാൻ 31.01.2020 ന് സർവ്വീസിൽ നിന്നും വിരമിച്ചിട്ടുള്ളതിനാലും നഗരകാര്യഡയറക്ടറുടെ ശിപാർശ പരിഗണിച്ചും ശ്രീ. എ.കെ.ആന്റണി നെൽസണിന്റെ പുന:പരിശോധനാ ഹർജി പരിഗണിച്ച് പരാമർശം 1 പ്രകാരമുള്ള ശിക്ഷ ഒഴിവാക്കി ടിയാനെതിരായ അച്ചടക്കനടപടി അവസാനിപ്പിച്ച് ഉത്തരവാകുന്നു. ശ്രീ. എ.കെ.ആന്റണി നെൽസണിന്റെ പുന:പരിശോധനാ ഹർജി ഇപ്രകാരം തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**രമണി മാത്യൂ**

**അഡിഷണൽ സെക്രട്ടറി**

പകർപ്പ്

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

ഡയറക്ടർ, കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

ശ്രീ.എ.കെ.അന്റണിനെൽസൺ, പി.എ.ടു മേയർ, കോഴിക്കോട് കോർപ്പറേഷൻ (നഗരകാര്യ ഡയറക്ടർ മുഖേന)

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷന്, തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ